പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 318 05-03-2012 - ൽ മറുപടിക്ക്

വ്യവഹാര നയം

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

ഉത്തരം

ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് വ്യവഹാരനയം നടപ്പിലാക്കാത്തത് വഴി കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായം നഷ്ടപ്പെടുവാൻ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാർ പ്രത്യേകം ധനസഹായം അനുവദിച്ചിട്ടില്ല. സംസ്ഥാനത്തെ നീതിനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി 2010-2015 കാലഘട്ടത്തിൽ 140.06 കോടി രൂപയാണ് കേന്ദ്രസർക്കാർ കേരള സംസ്ഥാനത്തിന് 13-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം നീക്കിവെച്ചിട്ടുള്ളത്. 2010-11-ൽ 28.01 കോടി രൂപ കേന്ദ്ര സർക്കാർ ഈയിനത്തിൽ നൽകിയിട്ടുണ്ട്. സംസ്ഥാന വ്യവഹാരനയം രൂപീകരിക്കുന്ന മുറയ്ക്കാണ് ബാക്കി തുക അനുവദിക്കുക. സംസ്ഥാന വ്യവഹാരനയം 03-12-2011 ലെ സ. ഉ. (പി) നം. 12/2011/നിയമം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനാൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം കേരള സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ള തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല. |
| (ബി) | സർക്കാർ കക്ഷിയായ കേസ്സുകൾ മൂന്നു വർഷത്തിനുള്ളിൽ തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ച വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങളെന്താണെന്ന് പറയാമോ ? | പ്രസ്തുതനയം നടപ്പിലാക്കുന്നതിൽ ഇതുവരെ യാതൊരു തടസ്സങ്ങളും ഉണ്ടായിട്ടില്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ